LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ

*5 [360] ശ്രീ. എം. എ. വാഹീദ്:
" ലൂഡി ലൂയിസ്:
ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. അച്ചുതൻ:
" വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈട് കൂടാതെ സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ നൽകുന്നത് എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്;

(ബി) ഇത്തരം വായ്പകളുടെ തിരിച്ചടവ് എന്നാണ് തുടങ്ങേണ്ടതെന്ന് വെളിപ്പെടുത്തുമോ;

(സി) തിരിച്ചടയ്ക്കുന്ന തീയതി മുതൽ പ്രസ്തുത വായ്പയ്ക്ക് ഈടാക്കുന്ന പലിശ എത്രശതമാനമാണെന്ന് അറിയിക്കുമോ;

(ഡി) വിദ്യാഭ്യാസ കാലത്ത് പ്രസ്തുത വായ്പയ്ക്ക് ഈടാക്കുന്ന പലിശയെത്രയാണ് എന്ന് വെളിപ്പെടുത്തുമോ; ഈടു കൂടാതെ ഒരു ലക്ഷം രൂപ വായ്പയെടുക്കുന്നയാൾ കൃത്യമായി തുകയടയ്ക്കുന്നപക്ഷം ആകെ എത്ര തുകയടയ്ക്കണം എന്ന് വ്യക്തമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) അർഹതപ്പെട്ടവർ എന്ന് ബോധ്യപ്പെട്ടവർക്ക് രക്ഷകർത്താവിന്റെ വരുമാനത്തിനാസ്പദമായി തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കും രക്ഷകർത്താവിനെ സഹ അപേക്ഷകനായി ചേർത്തുകൊണ്ട് ആലപ്പുഴ ജില്ലാ സഹകരണ ബാങ്കും ഈട് കൂടാതെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്. ഇതിനു പുറമെ, സംസ്ഥാന സഹകരണ ബാങ്ക് താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം 4 ലക്ഷം രൂപ വരെ ഈട് കൂടാതെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

1. പഠിക്കുന്ന കുട്ടിയുടേയും രക്ഷകർത്താവിന്റേയും പേരിൽ ബാങ്കിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണ്.

2. എൻട്രൻസ് പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിൽ റാങ്ക് നേടി കേരളത്തിലെ സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടിയവരായിരിക്കണം.

3. പ്രീ ഡിഗ്രി/പ്ലസ് 2 പരീക്ഷയിൽ മിനിമം 45% മാർക്ക് നേടിയതിനുശേഷം ബി.എസ്സി. നേഴ്സിംഗ് കോഴ്സിന് ചേർന്നവരോ, 50 ശതമാനം മാർക്കോടെ പ്രീ ഡിഗ്രി/പ്ലസ് 2 പരീക്ഷ പാസായ ശേഷം ഉന്നത വിദ്യാഭ്യാസത്തിന് പഠിക്കുന്നവരോ ആയിരിക്കണം.

(ബി) കോഴ്സ് പൂർത്തിയാക്കിയതിനുശേഷം ഒരു വർഷം തികയുന്ന തീയതിയോ അല്ലെങ്കിൽ ജോലി ലഭിച്ച് 6 മാസം തികയുന്ന തീയതിയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അന്നു മുതൽ വായ്പ തിരിച്ചടവ് തുടങ്ങേണ്ടതാണ്.

(സി) 9 ശതമാനം മുതൽ 11 ശതമാനം വരെ പലിശ ഈടാക്കുന്നു.

(ഡി) പലിശ നിരക്ക് 9 ശതമാനം മുതൽ 11 ശതമാനം വരെയാണ്. വിദ്യാഭ്യാസ കാലത്ത് പലിശ മാത്രമോ, പലിശയും മുതലും കൂടിയോ അടയ്ക്കാവുന്നതാണ്. മാസത്തവണകളായി തുക അടയ്ക്കേണ്ടതുകൊണ്ട് കോഴ്സുകളുടെ സ്വഭാവം, പഠനദൈർഘ്യം, വായ്പകളുടെ കാലാവധി, തിരിച്ചടവ് രീതി, പലിശ നിരക്കിലുള്ള വ്യത്യാസം എന്നിവ അനുസരിച്ച് തിരിച്ചടവിൽ വ്യതിയാനം വരുന്നതിനാൽ ഒരു ലക്ഷം രൂപ വായ്പ എടുക്കുന്ന ആൾ കൃത്യമായി തുക അടയ്ക്കുന്നപക്ഷം ആകെ എത്ര തുകയടയ്ക്കണം എന്ന് വ്യക്തമായി കണക്കാക്കുവാൻ കഴിയില്ല.

കേന്ദ്ര ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് പ്രോഗ്രാമിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തണമെന്ന ആവശ്യം

*6 [361] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എം. മുരളി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. വി. ഡി. സതീശൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് പ്രോഗ്രാമിൽ സംസ്ഥാനത്തേയും പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) കടൽ കയറ്റം മൂലമുണ്ടാകുന്ന ഭൂമിയുടെ നഷ്ടം ഒരു ദേശീയ വിപത്തായി കണക്കാക്കി സഹായം നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്രസർക്കാരിന്റെ ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് പ്രോഗ്രാമിൽ സംസ്ഥാനത്തെ പെടുത്തുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly